## ഗുരുവന്ദനം

ഞങ്ങൾ

അറുപതുകളിൽ പിറന്നവർ
കേരളത്തിന്റെ അറുപതുകൾ
പുതിയ ആകാശത്തിന്റെയും
പുതിയ ഭൂമിയുടെയും
സ്വപ്നം വിളഞ്ഞ മണ്ണാണ്

ഈ ഭൂമികയുടെ തീരത്താണ്
ഞങ്ങൾ പിച്ചവെച്ച് നടന്നത്

ബാല്യകൗമാരങ്ങളുടെ നേരറിവുകൾ
സുതാര്യമാക്കിയ ചിന്തയും മനസ്സിൽ നിറച്ച്

1977 ൽ

ഞങ്ങൾ ഇവിടെത്തി

പലദേശത്തിന്റെ മണവും പേറി
ഈ കലാലയത്തിന്റെ പടികടന്ന്
അറിവ് തേടിയെത്തി

അന്ന്
ഇന്ത്യൻ രാഷ്ട്രീയത്തിന്റെ അടിച്ചമർത്തലുകളുടെ
കാലം കഴിഞ്ഞിരുന്നു
നവലോക സൃഷ്ടിക്ക് ബലികൊടുക്കപ്പെട്ട
യുവത്വത്തിന്റെ കഥകൾ
പത്രത്താളുകളിൽ നിറഞ്ഞിരുന്നു
അതിജീവനത്തിന്റെ ആശ്വാസം നേടിയ
ദിനങ്ങളായിരുന്നു പിന്നീട്

കല, സാഹിത്യം, നാടകം, സിനിമ, രാഷ്ട്രീയം
എന്നീ സമസ്ത മേഖലകളിലും
പരീക്ഷണത്തിന്റെ കാലം
മൂല്യവും നിലനില്പും ഉയർത്തിയ
സംവാദത്തിന്റെ ഏററിറക്കങ്ങൾ
ഇതൊക്കെയും ക്യാമ്പസിലേക്ക് ഞങ്ങൾ ഏററുവാങ്ങി.

[1] "ഓരോ കവിക്കും ഓരോ ഗോത്ര ചിഹ്നമുണ്ട്
വ്യാസന് ധർമപുത്രർക്കൊപ്പം നരകം കണ്ട നായ
വാല്മീകിക്ക് ചിതൽപ്പുററിനും മുമ്പ്
താനെയ്ത് വീഴ്ത്തിയ കിളി
കാളിദാസന് മാനും മുയലും
എഴുത്തച്ഛന് അശോകവനിയിലെ തത്ത

[1] ആലിലയും നെൽക്കതിരും – സച്ചിദാനന്ദന്റെ കവിത

ഉണ്ണായിക്ക് ഹംസം പതിച്ച കിരീടം
ആശാന് കറുത്ത പൂവും മാങ്കൊമ്പിലെ കുയിലും
ഇടശ്ശേരിക്ക് തുടിയും നകവും
വൈലോപ്പിള്ളിക്ക് കടൽക്കാക്കയും കയ്പവള്ളിയും"

ഞങ്ങൾക്കുമുണ്ട്
ഗോത്ര ചിഹ്നങ്ങൾ
ക്ലാസ്മുറികൾ, പരീക്ഷണശാലകൾ
അടക്കം പറഞ്ഞിരുന്ന
ഹോസ്റ്റൽ ഭിത്തികളിലെ ചുവരെഴുത്തുകൾ
ക്യാന്റീന മുന്നിലെ ഞാവൽമരം
കൊച്ചാപ്പിയുടെ പെട്ടിക്കട, ഞങ്ങളുടെ പുട്ടുകട
സിരകളിൽ ഭാവുകത്വം പടർത്തിയ ഷാപ്പ്
നെടുംതിണ്ണയിൽ  ഞങ്ങൾ കൈയ്യേറിയ
ചവിട്ടുമെത്ത
ലൈബ്രറിക്ക് മുന്നിലെ നടുമുററം
മുഗൾ വാസ്തുശില്പകലയിലൊട്ടിനിന്ന
പ്രണയം

ഇലകളിൽ തട്ടി കടന്നുപോയ കാററ്
അവളോട് പറഞ്ഞു

പെണ്ണേ
നിന്റെ കണ്ണിലെ ആകാശത്തിന്റെ അഗാധതയോളം നീളുന്ന
നീലിമ എനിക്ക് വേണം

താളംതുള്ളിയ കാററിനോട്
തല ചായ്ച്ച് പെണ്ണ് പറഞ്ഞു
പൊന്നെ
പൂവാംകുറുന്തലിന്റെ കുഞ്ഞിപ്പൂവായ്
നമുക്ക് പുനർജ്ജനിക്കാം

കാററും കാററും കിന്നാരം പറഞ്ഞ്
താഴികക്കുടങ്ങളുടെ മുകളിലൂടെ
സ്വപ്നലോകത്തേക്ക് പറന്ന് പോയി

ഉഷ്ണമാപിനിയിൽ പെരുകിയ
പരീക്ഷകളുടെ അവസാനം

1982 ൽ
ഞങ്ങൾ പടിയിറങ്ങി
താവളം തേടി, കൂടുറപ്പിച്ച്
ജീവിച്ച് .... ജീവിച്ച്
വർഷങ്ങൾ ഇരുപത്തിയഞ്ച്
അങ്ങ് കഴിഞ്ഞ്പോയി

നഷ്ടപ്പെട്ടവരും, നേടിയവരും
യാദൃശ്ചികതയുടെ പരിണതിയാണ്
പരാതികളില്ല പരിദേവനങ്ങളില്ല

സൂക്ഷമത്തിൽ നിന്നും സ്തൂലത്തിലേക്കും
സ്തൂലത്തിൽ നിന്നും സൂക്ഷമത്തിലേക്കും
ചാഞ്ചാടി
നൈരന്തര്യം നഷ്ടപ്പെടാതെ തുടരുന്ന ചാക്രികതയാണ്
തരംഗയുടെ അടയാളം

സ്തൂല സൂക്ഷമ വ്യതിയാനങ്ങളുടെ താളബദ്ധമായ ചലനം
ചലനം പ്രപഞ്ചത്തിന്റെ നിലനില്പും

പിതാവിനെ വധിക്കാൻ നീതിസാരം[2] കണ്ടെത്തിയ
ഡെസ്റ്റോവിസ്കിയൻ കഥാപാത്രം പറഞ്ഞു
ദൈവം മരിച്ചുപോയി
അതുകൊണ്ട്
ഇവിടെ എല്ലാം അനുവദനീയമാണ്

ഇപ്പോൾ

2007 ൽ

ഇതിനൊരു മറുഭാഷ്യം കുറിക്കാം

ദൈവം നോക്കിയിരിക്കെ
ഇവിടെ എല്ലാം അനുവദനീയമാണ്

ഇതിനിടയിലും
ആർദ്രത നഷ്ടപ്പെടാതെ
ഞങ്ങൾ സൂക്ഷിച്ച മനസ്
ഗുരുകാരുണ്യമാണ്
നേടിയതൊക്കെയും
ഗുരുകൃപയാണ്
ഞങ്ങൾക്ക് ചുററും
സത്യമായ് ചൊരിയുന്ന പ്രഭ
ഗുരുവരമാണ്

അറിവിന്റെ, നിറവിന്റെ
ഗുരുപരമ്പരകളുടെ പാദങ്ങളിൽ
ഞങ്ങളർപ്പിക്കുന്നു
ഞങ്ങളുടെ
പ്രണാമം

വന്ദനം
ഗുരോ
വന്ദനം

---

[2] കരമസോവ് ബ്രദേഴ്സ് – ഡെസ്റ്റോവിസ്കി